ഉത്തരം

(എ) 25-8-2002-ൽ.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

(ഡി) 7-7-2004-ൽ.

(ഇ) 1-7-2003-ൽ.

(എഫ്) ബാധകമല്ല.

വാനില കൃഷിക്ക് സഹായം

99 [2068] ശ്രീ. സി. പി. മുഹമ്മദ്:

,, അടൂർ പ്രകാശ്:

,, എൻ. ഡി. അപ്പച്ചൻ:

.. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് വാനില കൃഷി ചെയ്യുന്നു;

(ബി) വാനില കൃഷിയിൽ എത്രപേർ ഏർപ്പെട്ടിട്ടുണ്ട്;

(സി) ഇവർക്ക് എന്തെല്ലാം സഹായങ്ങൾ ഗവൺമെന്റിൽനിന്നും നൽകിവരുന്നു;

(ഡി) വാനില കൃഷി ചെയ്യുവാൻ ആഗ്രഹിക്കുന്നവർക്ക് മെച്ചപ്പെട്ട ഇനത്തിലുള്ള നടീൽ സാധനങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) 2003-2004 വർഷത്തിൽ 1147 ഹെക്ടർ സ്ഥലത്ത് വാനില കൃഷി ചെയ്തിട്ടുണ്ട്.

(ബി) 2003-2004-ൽ ഏകദേശം 2694 കർഷകർ വാനില കൃഷിയിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി) ആന്റ് (ഡി) വാനില തൈകളുടെ അഭാവം കണക്കിലെടുത്ത് 2004-2005 വർഷത്തിൽ സുഗന്ധവിള വികസനം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 28.97 ലക്ഷംരൂപ ചെലവഴിച്ചുകൊണ്ട് 2 ലക്ഷം വാനില തൈകൾ ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതിൽ ഒരു ലക്ഷം വേരുപിടിപ്പിച്ച വാനില തൈകൾ ഫാമുകളിൽ ഉൽപ്പാദിപ്പിച്ചു 25 ശതമാനം സബ്സിഡി നിരക്കിൽ കർഷകർക്കു വിതരണം നടത്തും. കൂടാതെ ഒരുലക്ഷം ടിഷ്യൂകൾച്ചർ വാനില തൈകൾ കഴക്കൂട്ടത്തെ ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്ററിൽ ഉൽപ്പാദിപ്പിച്ചു വിതരണം നടത്തും.

LIBRARY ARCHIVES Kerala Legislative Assembly

വാനിലയുടെ കൃഷി രീതികൾ, സംസ്ക്കരണം എന്നിവയെക്കുറിച്ച് കർഷകർക്ക് സാങ്കേതികോപദേശം എന്നിവ നൽകിവരുന്നതുകൂടാതെ കർഷകർക്കായി ശിൽപ്പശാല, സെമിനാറുകൾ, ഫീൽഡു സന്ദർശനം, ട്രെയിനിംഗുകൾ എന്നിവയും സ്പൈസസ് ബോർഡ് നടത്തുന്നു.

സുഗന്ധദ്രവ്യങ്ങളുടെ ഉൽപ്പാദനവും കയറ്റുമതിയും

100 [2069] ശ്രീ. ലൂഡി ലൂയിസ്:

,, ടി. വി. ചന്ദ്രമോഹൻ:

,, എൻ. ഡി. അപ്പച്ചൻ:

.. ജോർജ് ജെ. മാത്യു:

.. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നുള്ള സുഗന്ധദ്രവ്യങ്ങളുടെ കയറ്റുമതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം കുറവുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ കാരണമെന്ത്;

(സി) കഴിഞ്ഞ വർഷം സംസ്ഥാനത്ത് സുഗന്ധദ്രവ്യങ്ങളുടെ ഉൽപ്പാദനം കുറഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല..

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

അഗ്രി എക്സ്പോർട്ട് സോണിന്റെ പരിധിയിൽ വരുന്ന കർഷകർക്ക് പ്രോൽസാഹനം

101 [2070] ശ്രീ. കെ. മുഹമ്മദാലി:

,, ടി. എൻ. പ്രതാപൻ:

,, തമ്പാനൂർ രവി:

.. എം. മുരളി:

.. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറ്റുമതി ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി ആരംഭിച്ച അഗ്രി എക്സ്പോർട്ട് സോണിന്റെ പരിധിയിൽ വരുന്ന ജില്ലകളിലെ കർഷകർക്ക് ഏതെല്ലാം ഉൽപ്പന്നങ്ങൾ കൃഷി ചെയ്യുന്നതിനുള്ള പ്രോൽസാഹനമാണ് നൽകിവരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly